# കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്—നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം മിഷന്റെ ഉപമിഷൻ ജലസംരക്ഷണം (ജലസമൃദ്ധി)—കർമ്മസേനയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 13/2018/പ്ലാനിംഗ്. തിരുവനന്തപുരം, 2018 സെപ്റ്റംബർ 11.**

---

പരാമർശം:—(1) സ.ഉ. (പി) നമ്പർ 10/2017/ആ.സാ.വ. തീയതി 19-4-2017.

(2) 3-5-2018-ൽ കൂടിയ ജലസംരക്ഷണം (ജലസമൃദ്ധി)—ഉപമിഷൻ കർമ്മസേനയുടെ തീരുമാനം.

(3) ജലവിഭവ വകുപ്പ് സെക്രട്ടറിയുടെ ഡി. ഒ. ലെറ്റർ നമ്പർ 1449341/പി2/2017/ഡബ്ല്യു. ആർ. ഡി.

## ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളുടെ ലക്ഷ്യങ്ങൾ, ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവയെ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് വളരെയധികം നിർമ്മാണ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. ഈ സാഹചര്യത്തിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട കർമ്മസേനയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ കൂടി ഉൾപ്പെടുത്തി സൂചന 1 ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം 3 പ്രകാരം ജലവിഭവ വകുപ്പ് സെക്രട്ടറി ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും ജലസംരക്ഷണവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ സുതാര്യവും ഫലപ്രദവും

GCPT. 3/3784/2018/S-11.

സമയബന്ധിതവുമായ നടത്തിപ്പ് ഉറപ്പാക്കുന്നതിനായി ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായിട്ടുള്ള ജലസംരക്ഷണം ഉപമിഷൻ സംസ്ഥാനതല കർമ്മസേനയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വിശ്വാസ് മേത്ത,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും.

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും എല്ലാ ഓഫീസർമാർക്കും.

നിയമസഭാ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുഭരണ (എസ്.സി.) വകുപ്പിന്.

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി.

എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ, ഹരിതകേരളം മിഷൻ.

ഡെവലപ്പ്മെന്റ് അഡ്വൈസർ ടു ഗവൺമെന്റ്.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പിന്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

*പകർപ്പ്*

മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

എല്ലാ സെക്രട്ടറിമാരുടെയും പി. എ.-മാർക്ക്.

അഡീഷണൽ സെക്രട്ടറിയുടെ സി. എ.-യ്ക്ക് (പ്ലാനിംഗ്).